**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2483** **12-10-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക വ്യവസായ സംരംഭം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകൾക്ക് മാത്രമായി പ്രത്യേക വ്യവസായ സംരംഭത്തിന് എന്തൊക്കെ പദ്ധതികളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സ്റ്റാർട്ടപ്പുകളുടെ വളർച്ചയെ സഹായിക്കുന്നതിനും അതിനു വേണ്ടിയുള്ള ഒരു ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുവേണ്ടി കൊച്ചി ടെക്നോളജി ഇന്നവേഷൻ സോണിൽ ഡിജിറ്റൽ ഹബ്ബ് സ്ഥാപിച്ചു. സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെപ്പറയും പ്രകാരമാണ്. 1. ഇന്നവേഷൻ ഗ്രാന്റ് 2. സീഡ് വായ്പ സഹായം 3. വെർച്ചൽ ഇങ്കുബേഷൻ പരിപാടി 4. ഭൗതീക ഇങ്കുബേഷനും സ്ഥല സൗകര്യവും 5. പേറ്റന്റ് സഹായ പദ്ധതി 6. ബിസിനസ്സ് ഫോർ സ്റ്റാർട്ടപ്പ്സ് 7. ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ് 8. ടെക്നോളജി കൊമേഴ്സ്യലൈസേഷൻ പദ്ധതി 9. ഫണ്ട് ഓഫ് ഫണ്ട് പദ്ധതി 10. അന്താരാഷ്ട്ര വിനിമയ പദ്ധതി കേരളത്തിലെ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കെ. എസ്. ഐ.ഡി.സി. ആവിഷ്കരിച്ചിരിക്കുന്ന ധനസഹായ പദ്ധതിയാണ് പ്രാരംഭമൂലധന സഹായം. (സീഡ് ഫണ്ട് സഹായം). സംസ്ഥാനത്തെ യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും അവരെ തൊഴിലന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ സംരംഭങ്ങൾക്കു ഇരുപത്തഞ്ചു ലക്ഷം രൂപ വരെ മൂലധന സഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറു ശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചു ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായം ആയി നൽകി വരുന്നത്. മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ |

| | | | |
|---|---|---|---|
| | | | ഉൽപ്പന്നം / സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്ക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപ വരെ നൽകുന്ന "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ. എസ്. ഐ.ഡി.സി. നടപ്പിലാക്കി വരുന്നു. സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ. എസ്. ഐ.ഡി.സി. യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്റർ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പ്രസ്തുത സ്റ്റാർട്ടപ്പ് സംരഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗനിർദ്ദേശ സെമിനാറുകളും ചർച്ച യോഗങ്ങളും നടത്തി വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തൊക്കെ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് പറയാമോ ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ യുവജനങ്ങളെ സഹായിക്കുന്നതിന് 2021-22 വർഷത്തിലേയ്ക്കായി Innovation Acceleration Schemeൽ ഉൾപ്പെടുത്തി KSIDC മുഖേന നൂതന സംരംഭങ്ങൾ ആവിഷ്കരിക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ 1100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ